

THURSDAY 02-06-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Sunilkumar R Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/06/2022.

1. കേരള വെറ്ററിനറി സർവകലാശാലക്ക് കീഴിൽ മണ്ണുത്തി യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിൽ **സങ്കരയിനം തീറ്റപ്പുൽ നടീൽ വസ്തുക്കൾ** വില്പനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി **9656090440, 7994996019, 0487 – 2370302** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. ക്ഷീര ദിനത്തോടനുബന്ധിച്ച് നടത്തുന്ന ക്ഷീരദിനാഘോഷത്തിൽ ഇന്ന് (ജൂൺ 2) കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്കിൽ വച്ച് ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡും, യൂണിഫോമും ഏർപ്പെടുത്തുന്നതിന്റെ ഓദ്യോഗിക ഉദ്ഘാടനം മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

3. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - AIF) യിലേക്ക് https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷിക്കാവുന്നതാണ്. ബെനഫിഷറി രജിസ്ട്രേഷൻ (Beneficiary registration) എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്തതിനു ശേഷം ഒറ്റിപി (OTP) നൽകി രജിസ്റ്റർ ചെയ്യുക. തുടർന്ന് ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ ചേർക്കുക. അപേക്ഷകൾ പരിശോധനയ്ക്ക് ശേഷം വിലയിരുത്തുന്നതിനായി ബാങ്ക് ശാഖയിലേക്ക് മാറ്റും. ബാങ്ക് പ്രതിനിധികൾ പരിശോധിച്ചതിനുശേഷം ക്രെഡിറ്റ് ഗ്യാരണ്ടിയോടു കൂടി സി ജി റ്റി എം എസ് ഇ (Credit Guarantee Fund Trust for Micro and Small Enterprises (*CGTMSE*)) -ൽ രജിസ്റ്റർ ചെയ്ത് ഷെഡ്യൂൾ പ്രകാരം ബാങ്കുകൾ വായ്പകൾ വിതരണം ചെയ്യുന്നതാണ്. ഓരോ ഘട്ടത്തിലും വായ്പ വിവരങ്ങൾ സന്ദേശമായി രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിൽ അപേക്ഷകന് ലഭിക്കുന്നു. കർഷകർ, കർഷക സംഘങ്ങൾ (FPO's, FPO കൂട്ടായ്മകൾ, JLG, SHG, SHG കൂട്ടായ്മകൾ), കാർഷിക സംരംഭങ്ങൾ, മറ്റു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹകരണ സ്ഥാപനങ്ങൾ (മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നാഷണൽ ഫെഡറേഷൻസ് ഓഫ് കോഓപ്പറേറ്റീവ്സ്, പ്രാഥമിക കാർഷിക സഹകരണ സംഘം), കേന്ദ്ര /സംസ്ഥാന/പ്രാദേശിക ഗവൺമെന്റുകൾ പ്രോത്സാഹിപ്പിക്കുന്ന പിപിപി പദ്ധതികളുടെ ഏജൻസികൾ, കയറ്റുമതി സംഘങ്ങൾ തുടങ്ങിയവർക്ക് ഈ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. റബ്ബർതോട്ടങ്ങളിലെ തേനീച്ചക്കോളനികളുടെ മഴക്കാല പരിചരണത്തെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് നടത്തുന്ന തേനീച്ചവളർത്തൽ കോഴ്സിലെ പരിശീലകൻ ഇന്ന് (ജൂൺ 2) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും, കടക്നാഥ് 35 രൂപ നിരക്കിലും, തലശ്ശേരി, നേക്കഡ് നെക്ക് എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479–2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂൺ 02) രാവിലെ 11 മണിക്ക് **പരിസ്ഥിതി സൗഹൃദ കൃഷി** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ജൂൺ **3, 4** തീയതികളിൽ **തീറ്റപ്പുൽക്കൃഷി**യിൽ പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായിരിക്കും പരിശീലനത്തിൽ പങ്കെടുക്കാൻ പറ്റുക. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. താത്പര്യമുള്ളവർ ഇന്ന് (ജൂൺ 2) വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9847437232, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. മഴക്കാലത്തെ കാർഷിക വിളപരിപാലനത്തിന് കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രികൾച്ചർ കാലാമിറ്റി മാനേജ്മെന്റ് സെല്ലും, ഗ്രാമീണ കൃഷി മൗസം സേവ തൃശ്ശൂരും സംയുക്തമായി കർഷകർക്കു നൽകുന്ന നിർദേശങ്ങൾ താഴെ ചേർക്കുന്നു. തുടർച്ചയായ മഴമൂലം അന്തരീക്ഷത്തിലെ ഈർപ്പം കൂടുന്നതിനാൽ കാർഷികവിളകൾക്ക് വിവിധ കുമിൾ രോഗബാധകളുണ്ടാകാനുള്ള സാധ്യതയുണ്ട്. ഓരോ വിളകൾക്കുമുള്ള മഴക്കാല പരിചരണമുറകൾ താഴെ ചേർക്കുന്നു.

a) ജാതി: ഇലപൊഴിച്ചിൽ രോഗത്തിന് മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. രണ്ടാഴ്ചക്കുശേഷം മാത്രം സൂഡോമോണാസ് ലായനിയുപയോഗിച്ച് മണ്ണ് കുതിർക്കുകയും പശ ചേർത്ത് ചെടിയിൽ തളിക്കുകയും ചെയ്യുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ട ചാണകം ഓരോ ജാതിച്ചെടിയുടെയും ചുവട്ടിൽ ചെടിയുടെ വളർച്ചക്കനുസരിച്ച് 2.5 കിലോഗ്രാം മുതൽ 5 കിലോഗ്രാം വരെ മണ്ണിൽ ഇട്ടുകൊടുത്ത് നല്ലവണ്ണം ഇളക്കി ചേർക്കുക.

e) ഇഞ്ചിയും മഞ്ഞളും : വിളകളിൽ മൂടുചെയൽ രോഗത്തിനു മുൻകരുതലായി സൂഡാമോണാസ് ലായനിയിൽ അല്ലെങ്കിൽ കാർബൺഡാസിന്റെയും, മാങ്കോസബിന്റെയും മിശ്രിതം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തയ്യാറാക്കിയ ലായനിയിൽ മുക്കിനടാവുന്നതാണ്, ഇഞ്ചിയും മഞ്ഞളും നട്ടുകഴിഞ്ഞിട്ടുണ്ടെങ്കിൽ സ്യൂഡാമോണാസ് ലായനി തടത്തിലൊഴിച്ചു കൊടുക്കുക്കാവുന്നതാണ്.

f) പയറിന്റെ കരിവള്ളികേടിനു മുൻകരുതലായി സ്യൂഡാമോണാസ് ലായനി ചെടിയിൽ കുളിർക്കെ തളിച്ചു കൊടുക്കുക, അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ളോറൈഡ് ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുക. അല്ലെങ്കിൽ കാർബൺഡാസിൻ ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചെടിയിൽ തളിച്ചുകൊടുക്കുക അല്ലെങ്കിൽ കാർബൺഡാസിന്റെയും, മാങ്കോസബിന്റെയും മിശ്രിതം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചെടിയിൽ തളിച്ചുകൊടുക്കുക.

g) വെള്ളരിവർഗ്ഗ പച്ചക്കറികളിലെ മൃദുരോമ പൂപ്പ് രോഗത്തെ നിയന്ത്രിക്കാൻ 2.5 ഗ്രാം മാങ്കോസെബ് അല്ലെങ്കിൽ 20 ഗ്രാം ട്രൈക്കോഡെർമ്മ അല്ലെങ്കിൽ 5 മില്ലി ട്രൈക്കോഡെർമ്മ ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി ഇലകളുടെ അടിയിൽ പതിയത്തക്കവണ്ണം തളിക്കുക. കൂടാതെ മണ്ണിൽ ഒഴിച്ചുകൊടുക്കുകയും ചെയ്യുക.